# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 3252.

21..12..2012-ൽ മറുപടിക്ക്

## ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മിൽമ പാൽവില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട് ; വർദ്ധിപ്പിച്ച വിലയുടെ എത്ര ശതമാനം ക്ഷീര കർഷകർക്ക് നല്കുകയുണ്ടായി; വില വർദ്ധന മൂലം സംസ്ഥാനത്തെ ക്ഷീര കർഷകരും ക്ഷീരോല്പാദക സംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ക്ഷീരകർഷകരെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മിൽമ പാൽവില രണ്ടു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യ തവണ വർദ്ധിപ്പിച്ച വിലയുടെ 84% ക്ഷീര കർഷകർക്ക് നല്കുകയുണ്ടായി. രണ്ടാം തവണ വില വർദ്ധിപ്പിച്ചപ്പോൾ വർദ്ധിപ്പിച്ച വിലയുടെ 92% ക്ഷീര കർഷകർക്ക് നല്കുകയുണ്ടായി. വില വർദ്ധനവുമൂലം ക്ഷീര കർഷകരും സംഘങ്ങളും നേരിടുന്ന പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ നിലവിലെ വ്യവസ്ഥകൾ പ്രകാരം കന്നുകാലിയുടെ പ്രജനനവും പരിപാലനവും കൃഷി എന്ന നിർവ്വചനത്തിലും, നാല് ഹെക്ടറിൽ കവിയാത്ത ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ കർഷകൻ എന്ന നിർവ്വചനത്തിലും ഉൾപ്പെടുന്നുണ്ട്. ആക്ട് പ്രകാരം 1969 ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ സഹകരണ സംഘങ്ങൾക്കോ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടംകൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾക്കോ ആക്ട് നിലവിൽ വന്ന തീയതിയായ

18..01..2007 നോ അതിനുമുമ്പോ ഒരു കർഷകനിൽ നിന്ന് കിട്ടേണ്ടതായ ബാദ്ധ്യതയ്ക്ക് (കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യ ത്തിനോ എടുത്തിട്ടുള്ള വായ്പകൾ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസത്തിന് അർഹതയുണ്ട്. എന്നാൽ കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31..05..2009 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിൽ കമ്മീഷനിൽ അപേക്ഷകൾ സ്വീകരി ക്കുന്നില്ല.

വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31..10..2011 വരെയുള്ള മേല്പറഞ്ഞ രീതിയിലുള്ള വായ്പകൾ കൂടി കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടു ത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ ?

(സി) ക്ഷീര കർഷകമേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായ കരമായ കന്നുകാലി തൊഴുത്തിനുള്ള തറ, ഗോമൂത്ര സംഭരണി, പുൽതൊട്ടി ഇവയുടെ നിർമ്മാണം, കന്നുകാലികൾക്കുള്ള സപ്ലിമെന്ററി തീറ്റയായ അസോള കൃഷിയുമായി ബന്ധപ്പെട്ട ജോലികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീര കർഷകരുടെ മൃഗപരിപാലന വുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തി കൾ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദ നീയമായ പ്രവൃത്തിയിനമായി ഉൾപ്പെടു ത്തിയിട്ടില്ല.

കുറഞ്ഞത് രണ്ടു പശു / എരുമകളെ വളർത്തി ക്ഷീരസഹകരണ സംഘത്തിൽ പത്ത് ലിറ്റർ പാൽ എങ്കിലും പ്രതിദിനം വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരെ തൊഴി ലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണ മെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെട്ടിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുകൂല തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ